REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 18-01-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **64-ാമത് സംസ്ഥാന സ്കൂൾ കലോത്സവം വൈകീട്ട് തൃശൂരിൽ സമാപിക്കും - 1,008 പോയിന്റുമായി കണ്ണൂർ ജില്ല മുന്നിൽ.**
- **സംസ്ഥാന ക്ഷീര കർഷക സംഗമം 'പടവ് 2026' ന് കൊല്ലത്ത് തുടക്കമായി. ക്ഷീര സംഗമം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും.**
- **വെള്ളാപ്പള്ളി നടേശൻ CPIM-ന്റെ ഉപകരണമായി പ്രവർത്തിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ.**
- **കണ്ണൂർ ഇരിട്ടി എടക്കാനത്ത് പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ വിദഗ്ധ സംഘം പരിശോധന നടത്തും.**
- **ഇന്ത്യ - ന്യൂസിലാന്റ് മൂന്നാം ഏകദിന ക്രിക്കറ്റ് മത്സരം ഉച്ചയ്ക്ക് ഇൻഡോറിൽ.**

## വാർത്തകൾ വിശദമായി

തൃശൂരിൽ 64-ാമത് സംസ്ഥാന സ്കൂൾ കലോത്സവം വൈകീട്ട് സമാപിക്കും. 1,008 പോയിന്റുമായി കണ്ണൂർ ജില്ലയാണ് മുന്നിൽ. ആതിഥേയ ജില്ലയായ തൃശൂർ 1,003 പോയിന്റോടെ രണ്ടാം സ്ഥാനത്തുണ്ട് - 998 പോയിന്റോടെ കോഴിക്കോടാണ് മൂന്നാം സ്ഥാനത്ത്.

വൈകീട്ട് തൃശൂർ തേക്കിൻകാട് മൈതാനിയിൽ സമാപന സമ്മേളനം പ്രതിപക്ഷ നേതാവ് V.D സതീശൻ ഉദ്ഘാടനം ചെയ്യും. കലോത്സവത്തിന് ആവേശകരമായ സമാപനം കുറിക്കാൻ മലയാളത്തിന്റെ പ്രിയ താരം മോഹൻലാൽ എത്തും. മന്ത്രി V ശിവൻകുട്ടിയും മോഹൻലാലും ചേർന്ന് വിജയികൾക്ക് സ്വർണ്ണക്കപ്പ് സമ്മാനിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി വൈകീട്ട് പശ്ചിമ ബംഗാളിലെ ഹൂഗ്ലി ജില്ലയിലെ സിംഗൂരിൽ 830 കോടിയിലധികം രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിക്കും. കൊൽക്കത്തയിൽ ജയറാംബതി - ബരോഗോപിനാഥ്പൂർ - മയ്നാപൂർ റെയിൽ പാതയും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും

✪✪✪

രാജ്യത്തിന്റെ പരമ്പരാഗത കരകൗശല വൈദഗ്ധ്യം ആഘോഷിക്കാൻ PM വിശ്വകർമ പദ്ധതിയുടെ കീഴിൽ PM വിശ്വകർമ ഹാട്ട് 2026 പ്രദർശന മേളയ്ക്ക് ഇന്ന് തുടക്കമാകും. ന്യൂഡൽഹിയിൽ കേന്ദ്ര മന്ത്രി  ജിതൻ റാം മാഞ്ചി പ്രദർശനം  ഉദ്ഘാടനം ചെയ്യും. എല്ലാ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നും 117-ലധികം കരകൗശല വിദഗ്ധർ പരിപാടിയിൽ പങ്കെടുക്കും. ഈ മാസം 31 വരെയാണ് പ്രദർശനം.

✪✪✪

കഴിഞ്ഞ മാസം ഇൻഡിഗോ എയർലൈൻസിന്റെ സർവീസുകൾ തടസപ്പെട്ട സംഭവത്തിൽ സിവിൽ ഏവിയേഷൻ ഡയറക്ടറേറ്റ് ജനറൽ, ഇൻഡിഗോയ്ക്ക് 22 കോടി 20 ലക്ഷം രൂപ പിഴ ചുമത്തി. ഇൻഡിഗോയുടെ പ്രവർത്തന തടസ്സങ്ങളിലേക്ക് നയിച്ച സാഹചര്യങ്ങളുടെ സമഗ്രമായ അവലോകനത്തിനും വിലയിരുത്തലിനും DGCA രൂപീകരിച്ച നാലംഗ സമിതി നടത്തിയ വിശദമായ അന്വേഷണത്തെ തുടർന്നാണ് പിഴ ചുമത്തിയത്.

✪✪✪

സംസ്ഥാന ക്ഷീര കർഷക സംഗമം 'പടവ് 2026' ന് കൊല്ലത്ത് തുടക്കമായി. ക്ഷീരസംഗമം നാളെ മുഖ്യമന്ത്രി  പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ക്ഷീരസഹകാരി അവാർഡ്, ഡോ. വർഗ്ഗീസ് കുര്യൻ അവാർഡ്, മാധ്യമ അവാർഡ് എന്നിവയും മുഖ്യമന്ത്രി സമ്മാനിക്കും. ക്ഷീര സഹകാരി അവാർഡ് ഇടുക്കി സ്വദേശി കെ ബി ഷൈനിനാണ്. ഒരു ലക്ഷം രൂപയാണ് പുരസ്കാരത്തുക. മികച്ച ശ്രവ്യ മാധ്യമ ഫീച്ചർ പുരസ്കാരം കോഴിക്കോട് ആകാശവാണിക്കാണ്

ആശ്രാമം മൈതാനത്ത് ഈമാസം 21ന്  പരിപാടി സമാപിക്കും.

✪✪✪

കുണ്ടറ താലൂക്ക് ആശുപത്രിയിൽ നിർമാണം പൂർത്തിയാക്കിയ ഏഴുനില കെട്ടിടം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും. മന്ത്രി വീണാ ജോർജ് അധ്യക്ഷയാകും.

കുണ്ടറ താലൂക്ക് ആശുപത്രിയിൽ വലിയ വികസനമാണ് നടന്നു വരുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. പതിറ്റാണ്ടുകൾക്ക് മുമ്പ് ഓടിട്ട കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച ആശുപത്രിയാണ് ഈ നിലയിൽ വികസിച്ചത്. കിഫ്ബി ഫണ്ടിൽ നിന്നും 76 കോടിയിലധികം രൂപ ചെലവിട്ടാണ് കെട്ടിടം യാഥാർഥ്യമാക്കിയത്. ബേസ്മെന്റ് ഉൾപ്പെടെ ഏഴുനില കെട്ടിടത്തിൽ 130 ഓളം കിടക്കകളാണ് സജ്ജമാക്കുന്നത്.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ, IT വിജ്ഞാനാധിഷ്ഠിത മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് നടപ്പാക്കുന്ന കമ്യൂൺ - വർക്ക് നിയർ ഹോം പദ്ധതിയുടെ ആദ്യ കേന്ദ്രം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ വൈകിട്ട് കൊട്ടാരക്കരയിൽ ഉദ്ഘാടനം ചെയ്യും. സ്റ്റാർട്ടപ്പുകൾ അടക്കം സംരംഭങ്ങൾക്കും, വിദൂരമായി ഇരുന്ന് ജോലികൾ ഏറ്റെടുത്ത് ചെയ്യുന്ന തൊഴിലിടങ്ങളുടെ ശൃംഖല കേരളത്തിലാകെ സ്ഥാപിക്കുകയാണ് കെ-ഡിസ്കിന്റെ നേതൃത്വത്തിൽ വർക്ക് നിയർ ഹോം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

✪✪✪

കൊല്ലം ആശ്രാമം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിൽ സ്ഥാപിച്ച ശ്രീനാരായണ ഗുരുവിന്റെ വെങ്കല പ്രതിമ നാളെ മുഖ്യമന്ത്രി പിണറായി വിജയൻ അനാച്ഛാദനം ചെയ്യും. മന്ത്രി സജി ചെറിയാൻ ചടങ്ങിൽ അധ്യക്ഷനായിരിക്കും. ഉണ്ണി കാനായിയാണ് ശില്പം നിർമ്മിച്ചത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്ക് വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന്. പരിപാടിയുടെ 130-ാം പതിപ്പാണിത്. മൻ കി ബാതിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും My Gov, നമോ ആപ്പ് എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 23 വരെ അറിയിക്കാം.

✪✪✪

ഒൻപത് ദിവസമായി ന്യൂഡൽഹിയിൽ തുടരുന്ന 53-ാമത് അന്താരാഷ്ട്ര പുസ്തക മേള ഇന്ന് സമാപിക്കും. ഭാരത് മണ്ഡപത്തിലാണ് പുസ്തകമേള. നാഷണൽ ബുക്ക് ട്രസ്റ്റ് ഇന്ത്യയാണ് മേള സംഘടിപ്പിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കാനിരിക്കെ പാലക്കാട് ജില്ലയിൽ ജില്ലാ തിരഞ്ഞെടുപ്പ് വിഭാഗം ഒരുക്കങ്ങൾ ആരംഭിച്ചു.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത് .....

....(വോയ്സ്)....

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശ പ്രകാരം ജില്ലയിലെ പ്രശ്ന ബാധിത ബൂത്തുകൾ കണ്ടെത്താനുള്ള നടപടികളാണ് ആരംഭിച്ചിരിക്കുന്നത്.ഓരോ മേഖലകളിലും സെക്ടറൽ ഓഫീസർമാരും പോലീസ് ഉദ്യോഗസ്ഥരും

നേരിട്ട് ചെന്ന് പരിശോധിച്ചാണ് പ്രശ്നബാധിത ബൂത്തുകൾ കണ്ടെത്തുക. വോട്ടിങ് യന്ത്രങ്ങളുടെ പരിശോധനയും ജില്ലയിൽ പുരോഗമിക്കുന്നുണ്ട്. 3164 ഇ.വി.എം യന്ത്രങ്ങളും 3417 വി.വി.പാറ്റ് മെഷിനുകളുമാണ് ഉള്ളത്. ഒരാഴ്ചക്കകം തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനവും ആരംഭിക്കും. നിലവിൽ സമഗ്ര വോട്ടർപട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ടുള്ള ഹിയറിങ് ജില്ലയിൽ പുരോഗമിക്കുകയാണ്.അടുത്തമാസം 21 നാണ് നിയമസഭാ തിരഞ്ഞെടുപ്പിലേക്കുള്ള വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുക.

✪✪✪

വെള്ളാപ്പള്ളി നടേശൻ CPIMന്റെ ഉപകരണമായി പ്രവർത്തിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ ആരോപിച്ചു. വെള്ളാപ്പള്ളി ശ്രീനാരായണ ഗുരുനിന്ദയാണ് വർഗീയ പരാമർശത്തിലൂടെ നടത്തുന്നതെന്നും സതീശൻ ഇടുക്കിയിൽ മാധ്യമങ്ങളോട് പറഞ്ഞു. സംസ്ഥാനത്ത് സാമുദായിക ഐക്യമാണ് വേണ്ടതെന്നും വർഗീയതയുമായി രമ്യതയിലെത്തുന്ന പ്രശ്നമില്ലെന്നും സതീശൻ വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്ത് സമുദായ ഐക്യം കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് NSS ജനറൽ സെക്രട്ടറി G സുകുമാരൻ നായർ പറഞ്ഞു. ഒരു സമുദായത്തോടും NSS-ന് അകൽച്ചയില്ലെന്നും സാമൂഹ്യ പ്രശ്നങ്ങളിൽ വിട്ടുവീഴ്ചയില്ലെന്നും അദ്ദേഹം ചങ്ങനാശ്ശേരിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

കണ്ണൂർ ഇരിട്ടി എടക്കാനത്ത് പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ വിദഗ്ധസംഘം പരിശോധന നടത്തും. കാക്കകളിലാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്. വളർത്തു പക്ഷികളിൽ രോഗം സ്ഥിരീകരിച്ചിട്ടില്ല. അതിനാൽ പക്ഷികളെ കൊന്നൊടുക്കേണ്ട സാഹചര്യവുമില്ല.

അജ്ഞാതമായ പനി, ശ്വാസകോശ അണുബാധ എന്നിവ പ്രദേശത്തെ ആളുകളിൽ റിപ്പോർട്ട് ചെയ്യുന്നത് നിരീക്ഷിക്കാൻ ആരോഗ്യ വകുപ്പിന് നിർദേശം നൽകിയിട്ടുണ്ടെന്നും കലക്ടർ അറിയിച്ചു.

✪✪✪

കണ്ണൂർ പള്ളിക്കുന്നിലെ സെൻട്രൽ ജയിലിന്റെ പെട്രോൾ പമ്പിൽ നിന്ന് ഇന്ധന സാന്നിധ്യം സമീപത്തെ വീട്ടു കിണറ്റിൽ കണ്ടെത്തിയതുമായി ബന്ധപ്പെട്ട് ഇന്ന് കിണറുകളിലെ സാമ്പിൾ എടുക്കും. പെട്രോൾ പമ്പിന്റെ ഒരു ടാങ്കിലെ ലീക്കേജ് പരിശോധന രണ്ടു ദിവസത്തിനകം ആരംഭിക്കും. പമ്പിലെ മുഴുവൻ ടാങ്കുകളുടെ പ്രഷർ ടെസ്റ്റ് ഒരാഴ്ചയ്ക്കകം പൂർത്തിയാക്കാൻ ADM നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

സംസ്ഥാന ഭിന്നശേഷി സർഗ്ഗോത്സവം നാളെ തിരുവനന്തപുരത്ത് ആരംഭിക്കും. മൂന്ന് ദിവസത്തെ സർഗ്ഗോത്സവത്തിൽ ദേശീയ-അന്തർ ദേശീയ വീക്ഷണങ്ങൾ, സാങ്കേതിക വിദ്യാ പ്രദർശനം, കലാ-കായിക പരിപാടികൾ, തൊഴിൽമേള, നൈപുണ്യ വികസന ശില്പശാല, ചലച്ചിത്രോത്സവം, ഓപ്പൺ ഫോറം തുടങ്ങിയവ ഉണ്ടാകും. പരിപാടിയുടെ ഭാഗമായി മാധ്യമ അവാർഡ് നൽകും.

✪✪✪

അക്ഷരോന്നതി കോഴിക്കോട് ജില്ലാതല പൂർത്തീകരണ പ്രഖ്യാപനം നാളെ. സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ ഉന്നതികളിൽ വായനാ സംസ്കാരം വളർത്താൻ ആരംഭിച്ച അക്ഷരോന്നതി പദ്ധതിയുടെ ആദ്യ ഘട്ടത്തിന്റെ ജില്ലാതല പൂർത്തീകരണ പ്രഖ്യാപനം മന്ത്രി A.K ശശീന്ദ്രൻ നിർവഹിക്കുമെന്ന് ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അറിയിച്ചു. ജില്ലയിൽ പട്ടികവർഗ ഉന്നതികളിലായി സ്ഥിതി ചെയ്യുന്ന 11 സാമൂഹിക പഠന മുറികളിലും അഞ്ച് പ്രീ-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലേക്കും 16 ലൈബ്രറികളിലേക്കും ശേഖരിച്ച 16,000 പുസ്തകങ്ങൾ ചടങ്ങിൽ മന്ത്രി കൈമാറും.

✪✪✪

കോഴിക്കോട് ജില്ലയിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിലൊന്നായ കരിയാത്തുംപാറയിൽ ടൂറിസം ഫെസ്റ്റ് -' തോണിക്കാഴ്ച'ക്ക് തുടക്കമായി. പരിപാടി മന്ത്രി PA മുഹമ്മദ് റിയാസ് ഓൺലൈനിൽ ഉദ്ഘാടനം ചെയ്തു. ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ സംസ്ഥാനം സർവകാല റെക്കോർഡിൽ എത്തിയെന്ന് മന്ത്രി പറഞ്ഞു.

✪✪✪

കണ്ണൂർ ജില്ലയിൽ 307 പുതിയ പോളിംഗ് സ്റ്റേഷനുകൾ രൂപീകരിച്ചതായി ജില്ലാ കലക്ടർ അരുൺ K വിജയൻ അറിയിച്ചു. നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 2,177 പോളിംഗ് സ്റ്റേഷനുകളിലും വൾനറബിലിറ്റി മാപ്പിംഗ് നടത്തുമെന്നും ജില്ലാ കലക്ടർ അറിയിച്ചു.

✪✪✪

ഇന്ത്യ- ന്യൂസിലാന്റ് മൂന്നാം ഏകദിന ക്രിക്കറ്റ് മത്സരം ഇന്ന്. ഇൻഡോറിലെ ഹോൾക്കർ സ്റ്റേഡിയത്തിൽ ഉച്ചക്ക് 1.30 നാണ് മത്സരം. ആദ്യ മത്സരത്തിൽ ഇന്ത്യയും രണ്ടാം മത്സരത്തിൽ ന്യൂസിലാന്റും ജയിച്ചതോടെ 1-1 എന്ന നിലയിലാണ് പരമ്പര.

✪✪✪

ആഭ്യന്തര ഏകദിന ക്രിക്കറ്റ് ടൂർണമെന്റായ വിജയ് ഹസാരെ ട്രോഫി ഫൈനൽ ഇന്ന്. ബംഗലൂരുവിൽ ഉച്ചയ്ക്ക് ഒന്നരയ്ക്ക് സൗരാഷ്ട്രയും വിദർഭയും തമ്മിലാണ് മത്സരം.

✪✪✪

ന്യൂഡൽഹിയിൽ ഇന്ത്യ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ, ഇന്തോനേഷ്യയുടെ ജോനാഥൻ ക്രിസ്റ്റി പുരുഷ സിംഗിൾസ് ഫൈനലിലും, കൊറിയയുടെ ആൻ സെ യങ് വനിതാ സിംഗിൾസ് ഫൈനലിലുമെത്തി.

വനിതാ ഡബിൾസ് ഫൈനലിൽ ജപ്പാന്റെ യുകി ഫുകുഷിമയും, മയു മാറ്റ്സുമോട്ടോയും ഇന്ന് ചൈനയുടെ ടോപ് സീഡുകളായ ലിയു ഷെങ് ഷുവിനെയും ടാൻ നിംഗിനെയും നേരിടും.

✪✪✪

സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ കോഴിക്കോട് കേന്ദ്രത്തിൽ അത്‌ലറ്റിക്സ്, വോളിബോൾ എന്നിവയിൽ പുതിയ പ്രതിഭകളെ ഈ മാസം 24 ന് തിരഞ്ഞെടുക്കും. ദേവഗിരി സെന്റ് ജോസഫ്സ് കോളേജിൽ ആൺകുട്ടികൾക്ക് മാത്രമാണ് സെലക്ഷൻ ട്രയൽസ്.

ദേശീയ-സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുത്തവർക്ക് പുറമേ ജില്ലാതല മത്സരങ്ങളിൽ മെഡൽ നേടിയവർക്ക് അത്‌ലറ്റിക്സിലും, കളി അറിയില്ലെങ്കിലും 190 സെന്റിമീറ്ററിൽ കൂടുതൽ ഉയരക്കാർക്ക് വോളിബോളിലും സെലക്ഷൻ ട്രയൽസിൽ പങ്കെടുക്കാം.

✪✪✪

ഖേലോ ഇന്ത്യ അണ്ടർ 18 കളരിപ്പയറ്റ് നാഷണൽ ലീഗ് തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. ദേശീയ തലത്തിൽ കളരിപ്പയറ്റിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി കേന്ദ്ര ഗവണ്മെന്റ് സംഘടിപ്പിക്കുന്ന വിവിധ പരിപാടികളുടെ ഭാഗമാണ് കളരിപ്പയറ്റ്. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയും, കളരിപ്പയറ്റ് ഫെഡറഷനും സംയുക്തമായാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്.

✪✪✪

കേരള കുംഭമേളയെന്ന് വിശേഷിപ്പിക്കുന്ന മഹാമാഘ മഹോത്സവത്തിന് നാളെ തിരുനാവായയിൽ തുടക്കമാകും. നാളെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ധർമ മേള ഉദ്ഘാടനം ചെയ്യും.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: ശ്രീജി*
*NRT: അനുഷ ആത്മപ്രകാശ്, സബിത ആനന്ദ്,*
*DEO : സി കെ സുബോധ്*